REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 06-08-2024** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **വയനാട് ദുരന്തത്തിൽ കാണാതായവർക്കായി സൂചിപ്പാറ മുതൽ നിലമ്പൂർ- പോത്തുകല്ലു വരെ തിരച്ചിൽ ഊർജിതമാക്കും.**
- **തിരിച്ചറിയാത്ത 27 മൃതദേഹങ്ങളും 154 ശരീര ഭാഗങ്ങളും പുത്തുമലയിലെ ശ്മശാനത്തിൽ ഇന്നലെ സംസ്കരിച്ചു.**
- **ദുരന്തമേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഇന്ന് കല്പറ്റയിൽ ഉന്നതതലയോഗം ചേരും.**
- **രാഷ്ട്രപതി ദ്രൗപതി മുർമു ഫിജിയൻ പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവരുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും.**
- **പാരീസ് ഒളിമ്പിക്സിലെ അത്-ലറ്റിക്സിൽ ഇന്ത്യൻ താരം അവിനാഷ് സാബ്ലെ 3,000 മീറ്റർ സ്റ്റീപ്പിൾചേസ് ഫൈനലിൽ കടന്നു.**

## വാർത്തകൾ വിശദമായി

വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല ദുരന്തത്തിൽ കാണാതായവരെ കണ്ടെത്താൻ ഇന്ന് സൂചിപ്പാറ മുതൽ നിലമ്പൂർ- പോത്തുകല്ലു വരെ ചാലിയാറിന്റെ ഇരുകരകളിലും തിരച്ചിൽ ഊർജിതമാക്കുമെന്ന് മന്ത്രി K.രാജൻ അറിയിച്ചു. മൃതദേഹങ്ങൾ കണ്ടെത്താൻ പരിശീലനം നേടിയ ഡോഗ് സ്ക്വാഡിന്റെ സഹായത്തോടെയായിരിക്കും തെരച്ചിൽ. സൂചിപ്പാറയുടെ താഴത്തെ രണ്ട് വെള്ളച്ചാട്ടങ്ങൾക്കു സമീപവും പരിശോധന നടത്തും. DFO യുടെ നേതൃത്വത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരും ഇന്നത്തെ തെരച്ചിലിൽ

പങ്കെടുക്കും. കളക്ടറേറ്റിൽ ചേർന്ന മന്ത്രിസഭ ഉപസമിതി യോഗത്തിനുശേഷം മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു മന്ത്രി.

ഡെസ്ക്ക് റിപ്പോർട്ട്

....വോയ്സ്....

ഇനിയും പരിശോധിക്കാത്ത മേഖലകളിൽ ഇന്ന് തിരച്ചിൽ നടത്തും. തിരിച്ചറിയാത്തവരുടെ മൃതദേഹങ്ങളും ശരീരഭാഗങ്ങളും മറവ് ചെയ്യുന്നതിന് ഹാരിസൺ പ്ലാന്റേഷന്റെ 50 സെന്റ് സ്ഥലം കൂടി ദുരന്ത നിവാരണ നിയമ പ്രകാരം ജില്ലാ കളക്ടർ ഏറ്റെടുക്കുമെന്ന് മന്ത്രി K രാജൻ പറഞ്ഞു.

മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളെ ദുരന്തബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചു. ഇവിടങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ 180 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ നടപടിയെടുക്കും. തകർന്ന കെട്ടിടങ്ങളുടെ നഷ്ടപരിഹാരം കണക്കാക്കാൻ പൊതുമരാമത്ത് വകുപ്പ് ഇന്ന് മുതൽ പരിശോധന നടത്തും.

16 ക്യാമ്പുകളിലായി കഴിയുന്നവരിൽ മൊബൈൽ ഫോൺ നഷ്ടപ്പെട്ടവർക്ക് പുതിയ ഫോണും കണക്ടിവിറ്റിയും നൽകും. മുണ്ടക്കൈ, ചൂരൽമല ദുരന്ത ബാധിത മേഖലയിൽ 24 മണിക്കൂറും മൊബൈൽ പൊലീസ് പട്രോൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ചില സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ ദുരന്ത ബാധിതരെ വിളിക്കുന്നതായി വിവരം ലഭിച്ചതായും, ദുരിതബാധിതരെ മാനസികമായി തകർക്കുന്ന പെരുമാറ്റം ഉണ്ടായാൽ ഗവൺമെന്റ് ഇടപെടുമെന്നും മന്ത്രി പറഞ്ഞു.

നഷ്ടമായ രേഖകളുടെ വിവരശേഖരണം രണ്ടു ദിവസത്തിനകം പൂർത്തിയാക്കും. അതിനുശേഷം രേഖകൾ എത്രയും വേഗം ലഭ്യമാക്കാൻ നടപടിയെടുക്കുമെന്നും K രാജൻ അറിയിച്ചു. ദുരന്ത ബാധിതരുടെ സമഗ്ര പുനരധിവാസം സാധ്യമാക്കാൻ കൃത്യമായ വിവരശേഖരണം നടത്തുമെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. ഇതിലൂടെ മാതൃകാ പുനരധിവാസം യാഥാർത്ഥ്യമാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

വയനാട് ദുരന്തഭൂമിയിൽ ഇന്നലെത്തെ തെരച്ചിലിൽ ആറ് മൃതദേഹങ്ങൾ കൂടി കണ്ടെത്തി. ഇതോടെ ഔദ്യോഗികമായി 226 മരണം സ്ഥിരീകരിച്ചു.

വയനാട്ടിൽ നിന്നും അഞ്ചും നിലമ്പൂരിൽ നിന്ന് ഒരു മൃതദേഹങ്ങളാണ് ഇന്നലെ കണ്ടെടുത്തത്. തിരിച്ചറിയാത്ത 27 മൃതദേഹങ്ങളും 154 ശരീര ഭാഗങ്ങളും

പുത്തുമലയിലെ ഹാരിസൺ മലയാളം ലിമിറ്റഡ് പ്ലാന്റേഷനിലെ ശ്മശാനത്തിൽ സർവ്വമത പ്രാർത്ഥനയോടെ സംസ്കരിച്ചു. മൃതശരീരങ്ങൾ തിരിച്ചറിയുന്നതിന് ശാസ്ത്രീയ പരിശോധനകൾ തുടരുകയാണ്. ഇതുരെ 83 രക്ത സാമ്പിളുകൾ ശേഖരിച്ചു.

ആറു സോണുകളിലായി നടത്തിയ തെരച്ചിലിൽ വിവിധ സേനകളിൽ നിന്നായി 1,174 പേർ പങ്കെടുത്തു.

✪✪✪

വയനാട് ഉരുൾപൊട്ടലിൽ മരിച്ചവർക്കായി നടത്തിയ തിരച്ചിലിൽ ഇന്നലെ ചാലിയാറിൽ നിന്ന് രണ്ട് ശരീര ഭാഗങ്ങൾ കണ്ടെടുത്തു. ഇതോടെ മലപ്പുറം ജില്ലയിൽ നിന്ന് ആകെ ലഭിച്ച മൃതദേഹങ്ങൾ 76 ഉം ശരീര ഭാഗങ്ങൾ 159 ഉം ആയി. വൈകുന്നേരത്തോടെ വാണിയമ്പുഴയിൽ നിന്നാണ് ശരീര ഭാഗങ്ങൾ ലഭിച്ചത്. തിരച്ചിൽ ഇന്നും തുടരും.

✪✪✪

വയനാട് ദുരന്തമേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഇന്ന് കളക്ട്രേറ്റിൽ ഉന്നതതലയോഗം ചേരുമെന്ന് മന്ത്രി V. ശിവൻകുട്ടി അറിയിച്ചു. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് യോഗം. ദുരന്തം വിദ്യാഭ്യാസമേഖലയിലുണ്ടാക്കിയ പ്രശ്നങ്ങളെപ്പറ്റി സമഗ്ര റിപ്പോർട്ട് തയ്യാറാക്കാൻ വയനാട് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചതായും മന്ത്രി പറഞ്ഞു.

ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന കുട്ടികൾക്ക് കാലതാമസമില്ലാതെ പഠനാവസരം നൽകാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർമ്മപരിപാടി തയ്യാറാക്കുമെന്ന് മന്ത്രി കൊല്ലത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

✪✪✪

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനാ പ്രവാഹം തുടരുന്നു. കോഴിക്കോട് കോർപറേഷൻ മൂന്ന് കോടി രൂപ നിധിയിലേക്ക് സംഭാവന ചെയ്തു. വയനാട്ടിലെ യെസ് ഭാരത് ഗ്രൂപ്പ് ഒരു കോടി രൂപ നൽകി. തമിഴ്നാട് മുൻമന്ത്രിയും, VIT യൂണിവേഴ്സിറ്റി ഫൗണ്ടർ ചാൻസലറുമായ G വിശ്വനാഥനും ഒരു കോടി രൂപ സംഭാവന കൈമാറി. KTDC 50 ലക്ഷം രൂപയും, യുവജനക്ഷേമബോർഡ് 25 ലക്ഷം രൂപയും സംഭാവന നൽകി.

കുടുംബശ്രീ 'ഞങ്ങളുമുണ്ട് കൂടെ' കാമ്പയിനിലൂടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക സമാഹരിക്കുന്നുണ്ട്.

✪✪✪

തിരുവനന്തപുരത്ത് മന്ത്രി M.B രാജേഷിന്റെ നേതൃത്വത്തിൽ നാളെ നടത്താനിരുന്ന ജില്ലാ തദ്ദേശ അദാലത്ത് മാറ്റിവെച്ചു. വയനാട് ദുരന്തവുമായും, മഴക്കെടുതിയുമായും ബന്ധപ്പെട്ട നടപടികളുടെ പശ്ചാത്തലത്തിലാണ് അദാലത്ത് മാറ്റിയത്. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമ്മു ഫിജി തലസ്ഥാനമായ സുവയിൽ ഫിജിയൻ പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവരുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. രണ്ട് ദിവസത്തെ സന്ദർശനവേളയിൽ ഫിജിയൻ പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന രാഷ്ട്രപതി ഫിജിയിലെ ഇന്ത്യൻ സമൂഹവുമായി സംവദിക്കുകയും ചെയ്യും.

ഇന്നലെ രാത്രിയോടെയാണ് രാഷ്ട്രപതി സുവായിലെത്തിയത്. ഫിജി പ്രധാനമന്ത്രി രാഷ്ട്രപതിയെ സ്വീകരിക്കാൻ എത്തിയിരുന്നു. ഫിജി സേനയുടെ ഗാർഡ് ഓഫ് ഓണറും രാഷ്ട്രപതിയ്ക്കായി ഒരുക്കിയിരുന്നു.

✪✪✪

ബംഗ്ലാദേശിൽ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ രാജിയെ തുടർന്നുണ്ടായ ഏറ്റവും പുതിയ സ്ഥിതി വിലയിരുത്താൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ മന്ത്രിസഭയുടെ സുരക്ഷാകാര്യസമിതി ഡൽഹിയിൽ യോഗം ചേർന്നു. വിദേശകാര്യമന്ത്രി ഡോ S ജയശങ്കർ, ആഭ്യന്തരമന്ത്രി അമിത്ഷാ, രാജ്യരക്ഷാമന്ത്രി രാജ്നാഥ്സിംഗ്, ധനമന്ത്രി നിർമ്മലാ സീതാരാമൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

ബംഗ്ലാദേശിലെ സംഭവവികാസങ്ങളുടെ സാഹചര്യത്തിൽ എയർഇന്ത്യ, ധാക്ക സർവീസുകൾ റദ്ദാക്കി. ബംഗ്ലാദേശിലെ സ്ഥിതി നിരീക്ഷിച്ചു വരികയാണെന്നും, ടിക്കറ്റ് ബുക്ക് ചെയ്ത യാത്രക്കാർക്ക് ടിക്കറ്റ് പുനഃക്രമീകരിക്കാൻ സംവിധാനം ഏർപ്പെടുത്തുമെന്നും അവർ അറിയിച്ചു.

✪✪✪

കേന്ദ്രബജറ്റിൽ വിവിധ മന്ത്രാലയങ്ങളുടെ ശേഷിക്കുന്ന ധനാഭ്യർത്ഥനകൾ ലോക്സഭ ചർച്ചകൾ കൂടാതെ പാസാക്കി. ധനമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലും സഭ അംഗീകരിച്ചു.

✪✪✪

ഇന്ത്യയുടെ ആദ്യത്തെ ബഹുരാഷ്ട്ര വ്യോമാഭ്യാസം 'തരംഗ് ശക്തി 2024' ന്റെ ആദ്യഘട്ടം ഇന്ന് തമിഴ്നാട്ടിലെ സുലാറിൽ ആരംഭിക്കും. മുപ്പതോളം രാജ്യങ്ങൾ

സൈനികാഭ്യാസത്തിൽ പങ്കെടുക്കും. രണ്ടാം ഘട്ടം ഈ മാസം 29 മുതൽ രാജസ്ഥാനിലെ ജോധ്പൂരിലാണ് .

✪✪✪

കർണ്ണാടകയിലെ ഷിരൂരിലെ മണ്ണിടിച്ചിലിൽ കാണാതായ അർജ്ജുന്റെ തെരച്ചിൽ സംബന്ധിച്ച വിഷയം, കർണ്ണാടക ഗവർണറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് ഗോവ ഗവർണർ P.S ശ്രീധരൻ പിള്ള കോഴിക്കോട്ട് പറഞ്ഞു. ഇക്കാര്യത്തിൽ ആവശ്യമായ നിർദേശം നൽകാമെന്ന് ഗവർണർ ഉറപ്പു നൽകിയതായും അദ്ദേഹം അറിയിച്ചു.

ഇന്നലെ അർജുന്റെ കോഴിക്കോട്ടെ വീട് ശ്രീധരൻപിള്ള സന്ദർശിച്ചിരുന്നു. മന്ത്രി സജി ചെറിയാനും ഇന്നലെ അർജുന്റെ വീട്ടിലെത്തി കുടുംബാംഗങ്ങളെ നേരിൽക്കണ്ടു.

✪✪✪

പാലക്കാട് ഒറ്റപ്പാലത്തിനടുത്ത് അനങ്ങൻമലയിലെ ഖനന പ്രവർത്തനങ്ങൾ മൂലമുണ്ടായ പരിസ്ഥിതി ആഘാതത്തെ കുറിച്ച് വിശദാന്വേഷണം നടത്തി നടപടിയെടുക്കുമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രി ഭൂപേന്ദ്ര യാദവ് ഉറപ്പ് നൽകിയതായി V.K ശ്രീകണ്ഠൻ M.P അറിയിച്ചു. ഞായറാഴ്ച അനങ്ങനടി പ്രദേശം സന്ദർശിച്ച ശ്രീകണ്ഠൻ തുടർന്ന് മന്ത്രിയെ കണ്ട് നിവേദനം നൽകുകയായിരുന്നു.

റെഡ് സോണായി പ്രഖ്യാപിച്ച അനങ്ങൻ മലയിൽ 2018-19 കാലഘട്ടത്തിൽ പലയിടങ്ങളിൽ ഉരുൾപൊട്ടൽ സംഭവിച്ചിരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി വൻതോതിൽ ഖനനം നടത്തുന്ന ക്വാറിയുടെ പ്രവർത്തനം നിർത്തിവെയ്ക്കണമെന്നും, പാരിസ്ഥിതിക പഠനം നടത്തണമെന്നും ആവശ്യപ്പെട്ടാണ് നിവേദനം നൽകിയത്.

✪✪✪

S.A.P, K.A.P - 5 ബറ്റാലിയനുകളിൽ പരിശീലനം പൂർത്തിയാക്കിയ 333 പോലീസ് ഉദ്യോഗസ്ഥരുടെ പാസിങ് ഔട്ട് പരേഡ് രാവിലെ പേരൂർക്കട S.A.P ഗ്രൗണ്ടിൽ നടത്തും. മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിൽ അഭിവാദ്യം സ്വീകരിക്കും.

✪✪✪

സംസ്ഥാനത്തെ വ്യവസായ പാർക്കുകളിൽ വസ്തു നികുതി പിരിവ് തൽക്കാലം നിർത്തിവെച്ചു. ഇതുമായി ബന്ധപ്പെട്ട് തദ്ദേശഭരണ വകുപ്പ് ഉത്തരവ്

പുറപ്പെടുവിച്ചു. മന്ത്രിമാരായ P രാജീവും, MB രാജേഷും പങ്കെടുത്ത യോഗത്തിന്റെ തീരുമാനപ്രകാരമാണ് നടപടി.

സംസ്ഥാനത്തെ സംരംഭക സൗഹൃദ അന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുന്നതാണ് പുതിയ ഉത്തരവെന്ന് മന്ത്രി രാജീവ് പറഞ്ഞു.

✪✪✪

പാരീസ് ഒളിമ്പിക്സിലെ അത്-ലറ്റിക്സിൽ ഇന്ത്യൻ താരം അവിനാഷ് സാബ്‌ലെ 3,000 മീറ്റർ സ്റ്റീപ്പിൾചേസ് ഫൈനലിൽ കടന്നു. ഇതാദ്യമായാണ് ഒരു ഇന്ത്യൻതാരം ഈയിനത്തിൽ ഒളിമ്പിക് ഫൈനലിൽ എത്തുന്നത്. മറ്റന്നാളാണ് ഫൈനൽ മത്സരം.

ഇന്നലെ ടേബിൾ ടെന്നിസിൽ മണിക ബത്ര, ശ്രീജ അകുല, അർച്ചന കാമത്ത് എന്നിവരടങ്ങിയ വനിതാ ടീം റൊമാനിയൻ ടീമിനെ തോൽപ്പിച്ച് ക്വാർട്ടറിലെത്തി. നാളെയാണ് ക്വാർട്ടർ ഫൈനൽ മത്സരം

ഇന്ന് പുരുഷൻമാരുടെ ജാവലിൻ ത്രോ യോഗ്യത മത്സരത്തിൽ മുൻ ഒളിമ്പിക് സ്വർണ ജേതാവ് നീരജ് ചോപ്ര കളത്തിലിറങ്ങും. ഇന്ത്യാ- ജർമനി ഹോക്കി സെമി ഫൈനൽ മത്സരവും ഇന്നാണ് . വൈകിട്ട് പത്തരയ്ക്കാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് മഴ ദുർബലമാകുന്നു. ഇന്ന് ഒരു ജില്ലയിലും പ്രത്യേക മഴ മുന്നറിയിപ്പ് നൽകിയിട്ടില്ല. വടക്കൻ കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെ ന്യൂനമർദപാത്തി നിലനിൽക്കുന്നുണ്ട്. വടക്ക് കിഴക്കൻ മധ്യപ്രദേശിനും തെക്കൻ ഉത്തർപ്രദേശിനും മുകളിൽ തീവ്ര ന്യൂനമർദവും സ്ഥിതി ചെയ്യുന്നുണ്ട്.

✪✪✪

കോഴിക്കോട് ജില്ലയിൽ DTPC ക്ക് കീഴിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇന്ന് മുതൽ നിയന്ത്രണത്തോടെ പ്രവേശനം അനുവദിക്കും. എന്നാൽ കക്കയത്ത് സന്ദർശകരെ അനുവദിക്കില്ല. കാപ്പാട്, തുഷാരഗിരി, വടകര സാന്റ്ബാങ്ക്സ്, അരിപ്പാറ എന്നിവിടങ്ങളിൽ പ്രവേശനം അനുവദിക്കും. എന്നാൽ ജലാശയങ്ങളിൽ ഇറങ്ങാൻ അനുമതിയുണ്ടാവില്ല.

കണ്ണൂർ DTPC യും വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയ നിയന്ത്രണം ഭാഗികമായി പിൻവലിച്ചു. എന്നാൽ ബീച്ചിലെ നിയന്ത്രണം തുടരും. മുഴപ്പിലങ്ങാട് ബീച്ചിൽ വാഹനങ്ങളുടെ പ്രവേശനവും നിരോധിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വിദഗ്ധ സംഘം കണ്ണൂർ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ മഴക്കെടുതി ബാധിത പ്രദേശങ്ങളും ക്വാറികളും സന്ദർശിച്ചു.

വട്ടിപ്രത്തെ പ്രവർത്തന രഹിതമായ ക്വാറിയിൽ നിന്ന് വെള്ളം പുറത്തേക്കൊഴുകി നാശ നഷ്ടമുണ്ടായ വീടുകളിലെത്തി സംഘം വിവരങ്ങൾ ശേഖരിച്ചു.

✪✪✪

കോഴിക്കോട് ജില്ലയിൽ വടകര, കൊയിലാണ്ടി താലൂക്കുകളിൽ ഏഴ് ദുരിതാശ്വാസ ക്യാമ്പുകൾ തുടരുന്നു. 311 കുടുംബങ്ങളിലെ 870 പേരാണ് ക്യാമ്പുകളിൽ കഴിയുന്നത്.

✪✪✪